# 053/22-M

ചോദ്യപുസ്തക അക്ഷരകോഡ് **A**

**A**

ചോദ്യപുസ്തക ക്രമനമ്പർ

| ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 75 മിനിട്ട് |
|---|---|
| പരമാവധി മാർക്ക് : 100 | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ഒളിമ്പിക്സിൽ അത്‌ലറ്റിക്സ് വിഭാഗത്തിൽ ആദ്യമായി സ്വർണമെഡൽ നേടിയ ഇന്ത്യൻ കായിക താരം.

   A) അഭിനവ് ബിന്ദ്ര
   B) കർണം മല്ലേശ്വരി
   C) നീരജ് ചോപ്ര
   D) സുശീൽ ശർമ

2. ജമ്മുകാശ്മീർ പുന:സംഘടനാ നിയമം നിലവിൽ വന്നതെന്ന് ?

   A) 2018
   B) 2019
   C) 2020
   D) 2021

3. 2021-ലെ എഴുത്തച്ഛൻ പുരസ്ക്കാരം നേടിയ വ്യക്തി ആര് ?

   A) സക്കറിയ
   B) ബെന്യാമിൻ
   C) എം. മുകുന്ദൻ
   D) പി. വത്സല

4. കേരളത്തിൽ 2021-ൽ നിലവിൽ വന്ന നിയമസഭ സംസ്ഥാനത്തെ എത്രാമത്തെ നിയമസഭയാണ് ?

   A) പതിമൂന്ന്
   B) പതിനാല്
   C) പതിനഞ്ച്
   D) പതിനാറ്

5. 2022 ഫെബ്രുവരിയിൽ ഇന്ത്യ വിജയകരമായി വിക്ഷേപിച്ച കൃത്രിമ ഉപഗ്രഹം ഏത് ?

   A) G SAT – 11
   B) EOS-04
   C) CMS – 01
   D) EMISAT

6. 2020-ലെ ദേശീയ വിദ്യാഭ്യാസനയം രൂപീകരിച്ച സമിതിയുടെ ചെയർമാൻ ആര് ?

   A) കെ. കസ്തൂരി രംഗൻ
   B) എ. രാമമൂർത്തി
   C) വാസുദേവ കമ്മത്ത്
   D) കെ. എം. ത്രിപാഠി

7. 18 വയസിനു താഴെയുള്ള കുട്ടികൾക്ക് മാരകരോഗങ്ങൾക്കായി സൗജന്യ ചികിത്സ നൽകുന്ന കേരള സർക്കാർ പദ്ധതി ഏത് ?

   A) ആശ്വാസകിരണം
   B) സമാശ്വാസം
   C) സ്നേഹസാന്ത്വനം
   D) താലോലം

8. 2021-ലെ ജെ. സി. ഡാനിയൽ പുരസ്ക്കാരം നേടിയതാര് ?

   A) ഹരിഹരൻ
   B) മധു
   C) പി. ജയചന്ദ്രൻ
   D) എം. കെ. അർജ്ജുനൻ

9. കേരളത്തിലെ അന്താരാഷ്ട്ര വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഏതു ജില്ലയിലാണ് ?

A) തിരുവനന്തപുരം
B) ആലപ്പുഴ
C) തൃശ്ശൂർ
D) കോഴിക്കോട്

10. കേരളത്തിൽ ആദ്യമായി 100% വാക്സിനേഷൻ പൂർത്തിയാക്കിയ ഗോത്രപഞ്ചായത്ത് ഏത് ?

A) കണിയാമ്പറ്റ
B) നൂൽപ്പുഴ
C) ഇടമലക്കുടി
D) മറയൂർ

11. ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ല് എന്നറിയപ്പെടുന്ന പ്രദേശം.

A) ഡക്കാൻ പീഠഭൂമി
B) ഉത്തരമഹാസമതലം
C) തീരസമതലങ്ങൾ
D) ഹിമാലയൻ പർവ്വതമേഖല

12. താഴെ തന്നിരിക്കുന്നവയിൽ നിന്നും ഉപദ്വീപീയ നദികളിൽ ഉൾപ്പെടാത്ത നദി കണ്ടെത്തുക.

A) നർമ്മദ
B) മഹാനദി
C) ലൂണി
D) കാവേരി

13. റിഗർ എന്നറിയപ്പെടുന്ന കറുത്ത മണ്ണിന് ഏറ്റവും അനുയോജ്യമായ കൃഷി ഏത് ?

A) റബർ
B) നെല്ല്
C) ഗോതമ്പ്
D) പരുത്തി

14. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമായ മൗസിൻറം ഏത് സംസ്ഥാനത്തിലാണ് ?

A) മേഘാലയ
B) മിസോറാം
C) ആസ്സാം
D) മണിപ്പൂർ

15. ലോക ഓസോൺ ദിനം എന്നാണ് ?

A) ജൂൺ 16
B) ജൂൺ 5
C) നവംബർ 5
D) സെപ്റ്റംബർ 16

16. ഇന്ത്യയിൽ ഭൗമതാപോർജ്ജ പ്ലാന്റ് സ്ഥിതി ചെയ്യുന്ന പ്രദേശം.

A) മണികരൺ
B) റാഞ്ചി
C) ടിഗ് ബോയ്
D) താരാപൂർ

17. ഇന്ത്യയിൽ ജനസാന്ദ്രത ഏറ്റവും കുറവുള്ള സംസ്ഥാനം.

A) ഉത്തർപ്രദേശ്
B) ഹിമാചൽപ്രദേശ്
C) ത്രിപുര
D) അരുണാചൽപ്രദേശ്

18. ശ്രീനഗർ-കാർഗിൽ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചുരം ഏത് ?

A) ഷിപ്കി ലാ
B) നാഥു ലാ
C) സോജി ലാ
D) ലിപു ലാ

19. ജൂൺ മുതൽ നവംബർ വരെ കൃഷി ചെയ്യുന്ന കാർഷിക കാലമേത് ?

A) ഖാരിഫ്
B) റാബി
C) സൈദ്
D) ഇവയൊന്നുമല്ല

20. ബ്രഹ്മപുത്ര നദിയിൽ സാദിയ മുതൽ ധൂബ്രി വരെ നീണ്ടുകിടക്കുന്ന ജലപാത ഏത് ?

A) NW 1
B) NW 2
C) NW 3
D) NW 4

21. ഡോക്ടർ സച്ചിദാനന്ദ സിൻഹയുടെ അധ്യക്ഷതയിൽ ചേർന്ന ഭരണഘടനാ നിർമ്മാണ സഭയുടെ ആദ്യ സമ്മേളനം നടന്നതെന്ന് ?

A) 1945 മാർച്ച് 2
B) 1949 ഡിസംബർ 9
C) 1946 ഡിസംബർ 9
D) 1947 ഓഗസ്റ്റ് 15

22. വിദ്യാഭ്യാസ അവകാശ നിയമവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് തെരഞ്ഞെടുക്കുക.

i) ഭരണഘടനയുടെ അനുച്ഛേദം 21(A) യിലാണ് വിദ്യാഭ്യാസാവകാശം ഉൾപ്പെടുത്തിയിട്ടുള്ളത്.

ii) 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവും ആയി മാറി.

iii) എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടത് രാഷ്ട്രത്തിന്റെ ഉത്തരവാദിത്തം ആണ്.

iv) വിദ്യാഭ്യാസ അവകാശ നിയമം 2009 ഓഗസ്റ്റ് 4 ന് നിലവിൽ വന്നു.

A) പ്രസ്താവന ഒന്നും നാലും
B) പ്രസ്താവന ഒന്ന്, രണ്ട്, മൂന്ന്
C) പ്രസ്താവന നാല് മാത്രം
D) പ്രസ്താവന ഒന്നും രണ്ടും

23. സ്ത്രീവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തകയും 2014-ൽ കൈലാസ് സത്യാർത്ഥിക്കൊപ്പം സമാധാനത്തിനുള്ള നോബൽ സമ്മാനത്തിന് അർഹയാവുകയും ചെയ്ത പതിനേഴുകാരി.

A) ബെറ്റി വില്യംസ്
B) ആങ് സാൻ സൂകി
C) മദർ തെരേസ
D) മലാല യൂസുഫ്സായി

24. ഇന്ത്യൻ ദേശീയ പതാക തയ്യാറാക്കിയ പിംഗലി വെങ്കയ്യ ജനിച്ചത് ഏത് സംസ്ഥാനത്താണ് ?

A) ഉത്തർപ്രദേശ്
B) മധ്യപ്രദേശ്
C) തമിഴ്നാട്
D) ആന്ധ്രപ്രദേശ്

25. മൗലിക കടമകൾ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമായി (ഭാഗം 4 എ) കൂട്ടിച്ചേർത്ത ഭേദഗതി ഏത് ?

A) 44
B) 86
C) 42
D) 104

26. താഴെ പറയുന്നവയിൽ ഇന്ത്യയുടെ ദേശീയ വൃക്ഷം ഏതെന്നു കണ്ടെത്തുക.

A) കണിക്കൊന്ന
B) തെങ്ങ്
C) ഇലഞ്ഞി
D) അരയാൽ

27. ഇന്ത്യയുടെ ദേശീയ ഗീതമായ വന്ദേമാതരം ബംഗാളി കവിയായ ബങ്കിം ചന്ദ്ര ചാറ്റർജിയുടെ ഏത് കൃതിയിൽ നിന്ന് എടുത്തതാണ് ?

A) ദുർഗേശ നന്ദിനി
B) ആനന്ദ മഠം
C) കപാല കുണ്ഡല
D) വിഷവൃക്ഷം

28. 'മഹാത്മാ ഗാന്ധി കി ജയ്' എന്ന മുദ്രാവാക്യത്തോടെ ഭരണഘടനാ നിർമാണ സഭ അംഗീകരിച്ച ഭരണഘടനാ വ്യവസ്ഥ ഏത് ?

A) മതസ്വാതന്ത്ര്യം
B) അയിത്ത നിർമ്മാർജ്ജനം
C) അഭിപ്രായപ്രകടന സ്വാതന്ത്ര്യം
D) അവസരസമത്വം

29. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ട ആദ്യ മലയാളി.

A) ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ
B) ജസ്റ്റിസ് രംഗനാഥ് മിശ്ര
C) ജസ്റ്റിസ് ഫാത്തിമ ബീവി
D) ജസ്റ്റിസ് എച്ച്. എൽ. ദത്തു

30. ദേശീയ വിവരാവകാശ കമ്മീഷൻ നിലവിൽ വന്ന വർഷം.

A) 2002　B) 1999　C) 2005　D) 2011

31. പ്രാചീനമലയാളം എന്ന കൃതിയുടെ രചയിതാവ്.

A) വാഗ്ഭടാനന്ദൻ
B) ചട്ടമ്പിസ്വാമികൾ
C) കുമാരനാശാൻ
D) കുമാരഗുരുദേവൻ

32. വസ്ത്രധാരണരീതിയിലുള്ള നിയന്ത്രണങ്ങൾക്കെതിരെ കല്ലുമാല സമരം സംഘടിപ്പിച്ച സാമൂഹ്യപരിഷ്ക്കർത്താവ്.

A) ശ്രീനാരായണ ഗുരു
B) വൈകുണ്ഠ സ്വാമികൾ
C) അയ്യങ്കാളി
D) പണ്ഡിറ്റ് കെ. പി. കറുപ്പൻ

33. 1936-ൽ ഇലക്ട്രിസിറ്റിസമരം സംഘടിപ്പിക്കപ്പെട്ട സ്ഥലം.

A) തൃശ്ശൂർ
B) പാലക്കാട്
C) തിരുവനന്തപുരം
D) കൊച്ചി

34. സാമൂഹ്യരംഗത്ത് പുതുചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് 1888-ൽ ശ്രീനാരായണ ഗുരു ശിവപ്രതിഷ്ഠ നടത്തിയ സ്ഥലം.

A) അരുവിപ്പുറം
B) വർക്കല
C) ചെമ്പഴന്തി
D) ആലുവ

35. കേരളത്തിൽ ബ്രിട്ടീഷുകാരുടെ പ്രത്യക്ഷഭരണത്തിലുണ്ടായിരുന്ന മേഖല.

A) തിരുവിതാംകൂർ
B) കൊച്ചി
C) മലബാർ
D) ഇവയെല്ലാം

36. മലബാറിൽ 1930-ൽ നടന്ന ഉപ്പുസത്യാഗ്രഹത്തിന്റെ പ്രധാനകേന്ദ്രം.

A) പയ്യന്നൂർ
B) മലപ്പുറം
C) ചെർപ്പുളശ്ശേരി
D) ഒറ്റപ്പാലം

37. വൈക്കം സത്യാഗ്രഹത്തിന്റെ ഭാഗമായി തിരുവനന്തപുരത്തേക്ക് സവർണ്ണജാഥ നയിച്ച നേതാവ്.

A) എ. കെ. ഗോപാലൻ
B) കെ. കേളപ്പൻ
C) മന്നത്ത് പത്മനാഭൻ
D) പി. കൃഷ്ണപിള്ള

38. മേൽമുണ്ട് സമരം എന്നും വിശേഷിപ്പിക്കപ്പെട്ട സാമൂഹ്യനീതി സംരക്ഷണത്തിനുള്ള കേരളത്തിലെ ആദ്യകാല സമരങ്ങളിൽ ഒന്നായിരുന്നു

A) കുട്ടംകുളം സമരം
B) പാലിയം സത്യാഗ്രഹം
C) ചാന്നാർ ലഹള
D) കുറിച്യ്യ കലാപം

39. കൊച്ചി രാജ്യപ്രജാമണ്ഡലത്തിന്റെ ആദ്യ പ്രസിഡന്റ്.

A) വി. ആർ. കൃഷ്ണനെഴുത്തച്ഛൻ
B) പട്ടം താണുപിള്ള
C) ഇ. ഇക്കണ്ട വാരിയർ
D) സി. കേശവൻ

40. 1812-ൽ ആരംഭിച്ച കുറിച്യ്യ കലാപത്തിന്റെ നേതാവ് ?

A) പഴശ്ശിരാജാ
B) എടച്ചന കുങ്കൻനായർ
C) തലയ്ക്കൽ ചന്തു
D) രാമനമ്പി

41. കേരളത്തിലെ ആകെ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം.

A) 1000
B) 940
C) 950
D) 941

42. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി.

A) പള്ളിവാസൽ
B) ശബരിഗിരി
C) ഇടുക്കി
D) ഷോളയാർ

43. കേരളത്തിലെ നദികളിൽ കിഴക്കോട്ടൊഴുകുന്ന നദി ഏത് ?

A) ഭാരതപ്പുഴ
B) കബനി
C) പെരിയാർ
D) നെയ്യാർ

44. കേരളത്തിലെ പക്ഷിസങ്കേതങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?

A) തട്ടേക്കാട്
B) ചൂലന്നൂർ
C) മംഗളവനം
D) ചിന്നാർ

45. ഭാരതപ്പുഴയുടെ ഉത്ഭവസ്ഥാനം ഏത് ?

A) ആനമല നിരകളിലെ പോത്തന്നൂരിനടുത്ത്
B) ചെട്ടിയഞ്ചാൽ കുന്നുകൾ
C) കർണ്ണാടകത്തിലെ ബ്രഹ്മഗിരിവനം
D) പശ്ചിമഘട്ടത്തിലെ ശിവഗിരിമുടി

46. ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ കായിക താരം.

A) പി. ടി. ഉഷ
B) അഞ്ജു ബോബി ജോർജ്
C) ഷൈനി വിൽസൺ
D) കെ. എം. ബീനാമോൾ

47. കേരളത്തിലെ പ്രധാന മത്സ്യബന്ധന തുറമുഖമായ നീണ്ടകര ഏതു ജില്ലയിലാണ് ?

A) തിരുവനന്തപുരം
B) കൊല്ലം
C) എറണാകുളം
D) ആലപ്പുഴ

48. കേരളത്തിലെ ആദ്യത്തെ ദേശീയോദ്യാനം.

A) സൈലന്റ് വാലി
B) പാമ്പാടും ചോല
C) ഇരവികുളം
D) ആനമുടിച്ചോല

49. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകം.

A) വേമ്പനാട്ടു കായൽ
B) ശാസ്താംകോട്ട കായൽ
C) അഷ്ടമുടി കായൽ
D) വെള്ളായണി കായൽ

50. കേരളസംസ്ഥാനം നിലവിൽ വന്നതെന്ന് ?

A) 1950 നവംബർ 1
B) 1955 നവംബർ 1
C) 1947 നവംബർ 1
D) 1956 നവംബർ 1

51. 'ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ് 'എന്നറിയപ്പെടുന്നതാര് ?

A) ബാലഗംഗാധരതിലകൻ
B) ദാദാബായ് നവറോജി
C) ലാലാ ലജ്പത് റായ്
D) ഗോപാലകൃഷ്ണ ഗോഖലെ

52. 1918-ൽ ഗാന്ധിജി തൊഴിലാളികൾക്കുവേണ്ടി ഇടപെട്ടത് ഏതു സത്യാഗ്രഹത്തിലാണ് ?

A) അഹമ്മദാബാദ്
B) ചമ്പാരൻ
C) ബർദോളി
D) ഖേഡ

53. ഇന്ത്യൻ നാഷണൽ ആർമിയുടെ സ്ഥാപകൻ.

A) സുഭാഷ് ചന്ദ്രബോസ്
B) ക്യാപ്റ്റൻ ലക്ഷ്മി
C) റാഷ്ബിഹാരി ബോസ്
D) മോഹൻ സിങ്

54. തെഭാഗസമരം നടന്നതെവിടെയാണ് ?

A) ബീഹാർ
B) യു. പി.
C) ഗുജറാത്ത്
D) ബംഗാൾ

55. രാജാറാം മോഹൻറോയ് ബംഗാളി ഭാഷയിൽ ആരംഭിച്ച ദിനപത്രം.

A) കേസരി
B) സംബാദ് കൗമുദി
C) ബംഗാളി
D) വന്ദേമാതരം

56. കോൺഗ്രസ്സിന്റെ അന്തിമലക്ഷ്യം പൂർണ്ണസ്വരാജ് അല്ലെങ്കിൽ പൂർണ്ണ സ്വാതന്ത്ര്യ മാണെന്ന് പ്രഖ്യാപിച്ച സമ്മേളനം.

A) 1920-ലെ നാഗ്പൂർ സമ്മേളനം
B) 1929-ലെ ലാഹോർ സമ്മേളനം
C) 1928-ലെ കൽക്കത്ത സമ്മേളനം
D) 1924-ലെ ബൽഗാം സമ്മേളനം

57. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ പട്ടേലിനും നെഹ്രുവിനുമൊപ്പം പ്രധാന പങ്കുവഹിച്ച മലയാളി.

A) സി. ശങ്കരൻ നായർ
B) ജി. പി. പിള്ള
C) വി. കെ. കൃഷ്ണമേനോൻ
D) വി. പി. മേനോൻ

58. കാബിനറ്റ് മിഷന്റെ നിർദേശപ്രകാരം 1946-ൽ രൂപീകരിക്കപ്പെട്ട ഭരണഘടനാ നിർമ്മാണ സഭയുടെ അധ്യക്ഷൻ.

A) ഡോ. ബി. ആർ. അംബേദ്കർ
B) സർദാർ വല്ലഭായ് പട്ടേൽ
C) സി. രാജഗോപാലാചാരി
D) ഡോ. രാജേന്ദ്രപ്രസാദ്

59. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ആദ്യ സംസ്ഥാനം.

A) ഗുജറാത്ത്
B) ആന്ധ്രപ്രദേശ്
C) പഞ്ചാബ്
D) മധ്യപ്രദേശ്

60. പ്രസിദ്ധമായ വന്ദേമാതരം എന്ന ഗാനം അടങ്ങിയിട്ടുള്ള ആനന്ദമഠം എന്ന നോവൽ എഴുതിയതാര് ?

A) രവീന്ദ്രനാഥ ടാഗോർ
B) ബങ്കിംചന്ദ്ര ചാറ്റർജി
C) മുഹമ്മദ് ഇഖ്ബാൽ
D) ദീനബന്ധു മിത്ര

61. മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥി.

A) ആഗ്നേയ ഗ്രന്ഥി
B) കരൾ
C) വൃക്ക
D) പീയൂഷ ഗ്രന്ഥി

62. രക്തത്തിൽ കാൽസ്യത്തിന്റെ അളവ് ക്രമാതീതമായി കുറയുമ്പോൾ ഉണ്ടാകുന്ന പേശികളുടെ കോച്ചിവലിവ് എന്തു പേരിൽ അറിയപ്പെടുന്നു ?

A) സന്ധിവാതം
B) ഗൗട്ട്
C) ടെറ്റനി
D) ഡയബെറ്റിസ്

63. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന വിറ്റാമിൻ.

A) വിറ്റാമിൻ K
B) വിറ്റാമിൻ A
C) വിറ്റാമിൻ C
D) വിറ്റാമിൻ E

64. പുകവലി മൂലം ശ്വാസകോശത്തിന് ഉണ്ടാകുന്ന രോഗം.

A) ടൈഫോയിഡ്
B) എംഫിസീമ
C) മലേറിയ
D) ന്യുമോണിയ

65. കേരളസർക്കാരിന്റെ സമ്പൂർണ്ണ അവയവദാന പദ്ധതി.

A) സാന്ത്വനം
B) ശുഭയാത്ര
C) ആയൂർദളം
D) മൃതസഞ്ജീവനി

66. തെങ്ങിന്റെ സങ്കരയിനം അല്ലാത്തത് ഏത് ?

A) ചന്ദ്രലക്ഷ
B) ലക്ഷഗംഗ
C) അക്ഷയ
D) ചന്ദ്രശങ്കര

67. കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം സ്ഥിതി ചെയ്യുന്നത് എവിടെ ?

A) കോട്ടയം
B) കാസർകോഡ്
C) കോഴിക്കോട്
D) മണ്ണുത്തി

68. ഭക്ഷ്യശൃംഖലയിലെ പ്രാഥമിക ഉപഭോക്താക്കൾ ആണ്

A) പ്രാഥമിക മാംസഭുക്ക്
B) സസ്യങ്ങൾ
C) സസ്യഭുക്ക്
D) സസ്യപ്ലവകങ്ങൾ

69. അന്താരാഷ്ട്ര ജൈവ വൈവിധ്യദിനമായി ആചരിക്കുന്നത്

A) ഏപ്രിൽ 22
B) സെപ്റ്റംബർ 16
C) മാർച്ച് 21
D) മെയ് 22

70. വനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 1983-ൽ കർണാടകത്തിൽ ആരംഭിച്ച പ്രസ്ഥാനം.

A) ചിപ്കോ പ്രസ്ഥാനം
B) ജംഗിൾ ബച്ചാവോ ആന്തോളൻ
C) അപ്പിക്കോ പ്രസ്ഥാനം
D) ബൈഷ്ണോയി പ്രസ്ഥാനം

71. താഴെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് ഏകാറ്റോമികം ?

A) ഹീലിയം
B) ക്ലോറിൻ
C) വെള്ളം
D) ഫ്ലൂറിൻ

72. ഇരുമ്പിന്റെ അയിരുകൾ ഏതെല്ലാം ?

A) ബോക്സൈറ്റ്, ഹെമറ്റൈറ്റ്
B) മാഗ്നറ്റൈറ്റ്, കലാമിൻ
C) സിങ്ക്ബ്ലെൻഡ്, ബോക്സൈറ്റ്
D) ഹെമറ്റൈറ്റ്, മാഗ്നറ്റൈറ്റ്

73. അസെറ്റോബാക്ടർ ബാക്ടീരിയ അന്തരീക്ഷത്തിലെ ഏത് വാതകവുമായി പ്രവർത്തിച്ചാണ് നൈട്രേറ്റ് ഉണ്ടാക്കുന്നത് ?

A) കാർബൺ ഡയോക്സൈഡ്
B) ആർഗൺ
C) നൈട്രജൻ
D) നിയോൺ

74. നേർപ്പിച്ച ഹൈഡ്രോക്ലോറിക് ആസിഡ് സിങ്ക് എന്ന മൂലകവുമായി പ്രവർത്തിച്ചാൽ ഉണ്ടാകുന്ന വാതകമേത് ?

A) ഓക്സിജൻ
B) സൾഫർ
C) ക്ലോറിൻ
D) ഹൈഡ്രജൻ

75. പാൽ കേടാകാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന രീതിയെ പറയുന്ന പേരെന്ത് ?

A) റിഫൈനിംഗ്
B) പാസ്ചറൈസേഷൻ
C) അനീലിംഗ്
D) വാൻആർക്കൽ പ്രവർത്തനം

76. കോൺകേവ് ദർപ്പണത്തിൽ പ്രകാശരശ്മി പതിക്കുമ്പോൾ 30° പതനകോൺ ഉണ്ടാകുന്നു എങ്കിൽ പ്രതിപതന കോണിന്റെ അളവ്.

A) 60°
B) 30°
C) 90°
D) 180°

77. നഗ്ന നേത്രങ്ങൾ കൊണ്ട് കാണാൻ സാധിക്കാത്ത ഗ്രഹം.

A) ചൊവ്വ B) വ്യാഴം C) യുറാനസ് D) ശനി

78. പാരമ്പര്യ ഊർജസ്രോതസ്സ് ഏത് ?

A) സൗരോർജം
B) കാറ്റിൽ നിന്നുള്ള ഊർജം
C) തിരമാലയിൽ നിന്നുള്ള ഊർജം
D) എൽ. പി. ജി.

79. തെർമോമീറ്റർ അളക്കുന്ന ഭൗതീക അളവ്.

A) താപം B) ഊഷ്മാവ് C) മർദ്ദം D) ആർദ്രത

80. ദോലനത്തിനുദാഹരണം ഏത് ?

A) ഊഞ്ഞാലിന്റെ ചലനം
B) ഭൂമി സൂര്യനുചുറ്റും തിരിയുന്നത്
C) ചക്രം തിരിയുന്നു
D) ലിഫ്റ്റ് ഉയരുന്നതും താഴുന്നതും

81. ഒരു ക്ലോക്കിലെ സമയം 3 : 15 ആണെങ്കിൽ മിനുട്ട് സൂചിയും മണിക്കൂർ സൂചിയും തമ്മിലുള്ള കോണളവ്.

A) 0° B) 15° C) 22½° D) 7½°

82. ഒരു കലണ്ടറിലെ ഒരു തീയ്യതിയും, തൊട്ടടുത്ത തീയ്യതിയും ഇതേ തീയ്യതികളുടെ രണ്ടാഴ്ചക്ക് ശേഷമുള്ള തീയ്യതികളുടെയും തുക 62 ആണെങ്കിൽ ഇതിലെ ആദ്യ ദിനം ഈ മാസത്തിലെ എത്രാമത്തെ ദിവസമാണ് ?

A) 9 B) 8 C) 7 D) 10

83. $1+\frac{1}{2}+\frac{1}{4}+\frac{1}{8}+\frac{1}{16}+\frac{1}{32}=$

A) $\frac{31}{32}$ B) $\frac{30}{32}$ C) $\frac{63}{32}$ D) $\frac{61}{32}$

84. $6^{21}$ ന്റെ ഒന്നിന്റെ സ്ഥാനത്തെ അക്കം.

A) 6 B) 2 C) 4 D) 8

85. ഒരു മട്ടത്രികോണത്തിന്റെ ലംബവശങ്ങളുടെ നീളങ്ങൾ യഥാക്രമം 10 cm ഉം 8 cm ഉം ആണ്. ഈ വശങ്ങളുടെ നീളങ്ങൾ യഥാക്രമം 20% ഉം 25% വർദ്ധിപ്പിച്ചാൽ പരപ്പളവിലെ വർദ്ധനവ്.

A) 20% B) 25% C) 40% D) 50%

86. 20 നും 100 നും ഇടയിലുള്ള മുഴുവൻ ഒറ്റ സംഖ്യകളുടെയും തുക.

A) 2000 B) 2400 C) 2500 D) 2300

87. ഒരു പുസ്തകത്തിനും പേനക്കും കൂടി വില 26 രൂപയാണ്. പേനയുടെ വില പുസ്തകത്തിനേക്കാൾ 10 രൂപ കുറവാണ്. അപ്പോൾ 5 പുസ്തകവും 6 പേനയും വാങ്ങുന്ന ഒരാൾ എത്ര രൂപയാണ് നൽകേണ്ടത് ?

A) 90 B) 180 C) 138 D) 140

88. $(0.49)^6$ നെ ഏത് സംഖ്യകൊണ്ട് ഗുണിച്ചാലാണ് 0.49 കിട്ടുക ?

A) $(0.7)^{-10}$ B) $(0.49)^{-10}$ C) $(0.7)^{-5}$ D) $(0.49)^{-5}$

89. $\frac{2^3 \times 4^3 \times (6^5)^2}{(36)^4 \times (16)^3} =$

A) $\frac{9}{2}$ B) $\frac{9}{4}$

C) $\frac{2}{9}$ D) ഇവയൊന്നുമല്ല

90. 45 കി. മീ./മണിക്കൂർ വേഗത്തിൽ ഓടുന്ന ഒരു വാഹനം 4 മിനുട്ടിൽ എത്ര ദൂരം സഞ്ചരിക്കും ?

A) 1.8 കി. മീ. B) 3 കി. മീ. C) 2.5 കി. മീ. D) 4 കി. മീ.

91. $\left(\frac{\sqrt{3}-\sqrt{2}}{\sqrt{3}+\sqrt{2}}\right)+\left(\frac{\sqrt{3}+\sqrt{2}}{\sqrt{3}-\sqrt{2}}\right) =$

A) 5 B) $2\sqrt{3}$ C) $3\sqrt{2}$ D) 10

92. ശ്രേണിയിലെ വിട്ടുപോയ സംഖ്യ ഏതാണ് ?

4, 18, 48, __, 180

A) 72 B) 112 C) 100 D) 98

93. ചതുരാകൃതിയിലുള്ള ഒരു തകരഷീറ്റിന്റെ നീളവും വീതിയും യഥാക്രമം 12½ മീറ്ററും $10\frac{2}{3}$ മീറ്ററും ആണെങ്കിൽ അതിന്റെ ചുറ്റളവ് എത്രയാണ് ?

A) $46\frac{1}{3}$ മീ. B) 46 മീ. C) 46½ മീ. D) $45\frac{1}{3}$ മീ.

94. 2 മീറ്റർ നീളവും ഒരു മീറ്റർ വീതിയുമുള്ള ഒരു വാതിൽ ഉൾക്കൊള്ളുന്ന ഒരു ചുമരിന്റെ നീളം 5.5 മീറ്ററും വീതി 4.25 മീറ്ററും ആണ്. ചതുരശ്രമീറ്ററിന് 24 രൂപ നിരക്കിൽ ഈ ചുമർ സിമന്റ് തേക്കാൻ എത്ര രൂപ ചിലവ് വരും ?

A) 500 B) 513 C) 1,026 D) 1,000

95. അച്ഛന്റെ വയസ്സ് മകന്റെ വയസ്സിന്റെ 3 മടങ്ങിനോട് അഞ്ച് വർഷം ചേർത്തതാണ്. ഇപ്പോൾ അച്ഛന്റെ വയസ്സ് 44 ആണെങ്കിൽ 7 വർഷങ്ങൾക്ക് ശേഷം മകന്റെ വയസ്സ് എത്ര ?

A) 13 B) 14 C) 20 D) 21

96. രവി, റഹീം, ജോൺ എന്നിവർക്ക് 4,500 രൂപയുടെ 2 ഭാഗവും, 6 ഭാഗവും, 4 ഭാഗവും യഥാക്രമം നൽകുന്നുവെങ്കിൽ, ജോണിന് എത്ര രൂപ ലഭിക്കും ?

A) 2,000 B) 1,250 C) 2,250 D) 1,500

97. രാഹുൽ 2,500 രൂപക്ക് ഒരു പഴയ ടി. വി. വാങ്ങി. 1,000 രൂപ മുടക്കി കേടുപാടുകൾ തീർത്ത് 3,850 രൂപക്ക് മറ്റൊരാൾക്ക് വിറ്റാൽ രാഹുലിന് എത്ര ശതമാനം ലാഭമാണ് ലഭിച്ചത് ?

A) 5% B) 10% C) 8% D) 12%

98. ഒരു രണ്ടക്ക സംഖ്യയുടെ അക്കങ്ങളുടെ തുക 9 ആണ്. അക്കങ്ങൾ തലതിരിച്ച് എഴുതുമ്പോൾ, പുതിയ സംഖ്യ ആദ്യ സംഖ്യയേക്കാൾ 27 കൂടുതലാണ്. സംഖ്യ ഏത് ?

A) 45 B) 27 C) 63 D) 36

99. 6 പൈപ്പുകൾ ഒരു മണിക്കൂറും 30 മിനുട്ടും കൊണ്ട് ഒരു ടാങ്ക് നിറക്കുകയാണെങ്കിൽ, ഇതേ വലിപ്പമുള്ള നാല് പൈപ്പുകൾ എത്ര സമയം കൊണ്ട് ടാങ്ക് നിറക്കും ?

A) 2 മണിക്കൂർ 15 മിനുട്ട് B) 2 മണിക്കൂർ

C) 2 മണിക്കൂർ 20 മിനുട്ട് D) 2½ മണിക്കൂർ

100. A യും B യും പത്തിന് താഴെയുള്ള രണ്ട് എണ്ണൽ സംഖ്യകളാണ്. ഒരുമിച്ച് എഴുതിയാൽ കിട്ടുന്ന രണ്ടക്ക സംഖ്യകളാകുന്ന BA യുടെയും B3 യുടെയും ഗുണനഫലം 57A ആണെങ്കിൽ A യുടെ വില.

A) 2 B) 3 C) 4 D) 5

## Space for Rough Work

FINAL ANSWER KEY (REVISED)

Question Paper Code: 053/2022

COMMON PRELIMINARY EXAM 2022 (SSLC LEVEL) STAGE I - VARIOUS

Medium of Question: MALAYALAM

Date of Test: 15.05.2022

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | C | C | X | A |
| 2 | B | B | B | C |
| 3 | D | D | B | C |
| 4 | C | D | A | X |
| 5 | B | C | C | D |
| 6 | A | B | A | B |
| 7 | D | C | C | B |
| 8 | X | A | C | C |
| 9 | A | A | X | B |
| 10 | B | C | D | D |
| 11 | B | B | B | A |
| 12 | C | D | C | D |
| 13 | D | D | A | C |
| 14 | A | B | B | D |
| 15 | D | B | D | B |
| 16 | A | B | A | B |
| 17 | D | B | A | C |
| 18 | C | C | C | A |
| 19 | A | B | D | B |
| 20 | B | D | B | D |
| 21 | C | D | B | B |
| 22 | B | C | B | D |
| 23 | D | B | C | D |
| 24 | D | D | B | B |
| 25 | C | A | D | B |
| 26 | X | A | B | C |
| 27 | B | A | D | B |
| 28 | B | C | D | C |
| 29 | A | D | B | D |
| 30 | C | B | B | C |
| 31 | B | A | B | A |
| 32 | C | D | C | D |
| 33 | A | C | D | X |
| 34 | A | D | B | A |
| 35 | C | B | A | B |
| 36 | A | B | C | A |
| 37 | C | C | B | A |
| 38 | C | A | C | C |
| 39 | X | B | D | D |
| 40 | D | D | C | B |
| 41 | D | B | A | X |
| 42 | C | C | D | B |
| 43 | B | D | C | B |
| 44 | D | A | A | A |
| 45 | A | D | B | C |
| 46 | B | B | C | B |
| 47 | B | C | B | C |
| 48 | C | D | D | D |
| 49 | B | B | C | A |
| 50 | D | A | B | D |

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 51 | A | A | D | B |
| 52 | A | C | C | C |
| 53 | C | C | B | D |
| 54 | D | X | D | B |
| 55 | B | D | A | A |
| 56 | B | C | A | C |
| 57 | D | B | D | B |
| 58 | D | C | C | D |
| 59 | B | D | D | C |
| 60 | B | C | B | B |
| 61 | B | C | A | A |
| 62 | C | B | D | D |
| 63 | A | D | X | C |
| 64 | B | C | A | A |
| 65 | D | B | B | B |
| 66 | C | A | C | B |
| 67 | B | D | B | C |
| 68 | C | C | D | A |
| 69 | D | A | D | A |
| 70 | C | B | C | C |
| 71 | A | A | B | C |
| 72 | D | D | C | B |
| 73 | C | X | D | D |
| 74 | D | A | A | D |
| 75 | B | B | D | C |
| 76 | B | X | B | D |
| 77 | C | B | C | C |
| 78 | D | B | A | B |
| 79 | B | A | A | D |
| 80 | A | C | C | A |
| 81 | D | D | B | D |
| 82 | B | B | C | C |
| 83 | C | X | X | A |
| 84 | A | A | A | X |
| 85 | D | D | B | C |
| 86 | B | D | D | D |
| 87 | C | C | B | B |
| 88 | X | A | X | C |
| 89 | A | X | A | A |
| 90 | B | C | D | D |
| 91 | D | B | D | D |
| 92 | C | C | B | B |
| 93 | A | X | C | X |
| 94 | X | A | A | A |
| 95 | C | B | D | D |
| 96 | D | D | D | B |
| 97 | B | B | C | C |
| 98 | X | C | A | X |
| 99 | A | A | X | A |
| 100 | D | D | C | B |

'X' DENOTES DELETION

## 060/2022-M

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. മലയാള ഭാഷയും സംസ്കാരവും ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നതിനായി കേരള സർക്കാർ ആരംഭിച്ച സംരംഭം :

   (A) ഭാഷാ മിഷൻ
   (B) മലയാള വേദി
   (C) മലയാളം മിഷൻ
   (D) സർഗ്ഗ കൈരളി

2. മീശ എന്ന നോവൽ രചിച്ചത്?

   (A) എസ്. സുധീഷ്
   (B) സുഭാഷ് ചന്ദ്രൻ
   (C) സന്തോഷ് എച്ചിക്കാനം
   (D) എസ്. ഹരീഷ്

3. കെ. ഫോൺ പദ്ധതിയെക്കുറിച്ച് ശരിയായ പ്രസ്താവന :

   (A) എല്ലാ വീടുകളിലും മൊബൈൽ ഫോൺ സേവനം
   (B) എല്ലാ വീടുകളിലും അതിവേഗ ഇന്റർനെറ്റ് സേവനം
   (C) എല്ലാ വീടുകളിലും ലാന്റ് ഫോൺ സേവനം
   (D) എല്ലാ വീടുകളിലും വയർലെസ് സേവനം

4. ആദ്യ പഞ്ചവത്സര പദ്ധതി നടപ്പാക്കിയ വർഷം :

   (A) 1950
   (B) 1951
   (C) 1957
   (D) 1960

5. കോവിഡ്-19 മായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷൻ :

   (A) ആരോഗ്യ സേതു
   (B) ആരോഗ്യ മിത്ര്
   (C) ആരോഗ്യ പരിപാൽ
   (D) ആരോഗ്യ മന്ത്ര്

6. കേരള ആരോഗ്യ സർവ്വകലാശാലയുടെ ആസ്ഥാനം :

   (A) തൃശ്ശൂർ
   (B) തിരുവനന്തപുരം
   (C) കൊച്ചി
   (D) കോഴിക്കോട്

7. അർജ്ജുന അവാർഡ് നേടിയ അങ്കിത റെയ്നയുടെ കായിക ഇനം :

   (A) ക്രിക്കറ്റ്
   (B) ഫുട്ബോൾ
   (C) ടെന്നീസ്
   (D) കബഡി

8. കുടുംബശ്രീ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ :

(i) ദാരിദ്ര്യ നിർമ്മാർജ്ജനം

(ii) ശിശു പോഷകാഹാരം

(iii) വനിതാ ശാക്തീകരണം

(iv) വായ്പാ വിതരണം

(A) (i) & (ii)
(B) (ii) & (iii)
(C) (iii) & (iv)
(D) (i) & (iii)

9. നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയിൽ ഉൾപ്പെടാത്ത ജില്ല :

(A) കോഴിക്കോട്
(B) തൃശ്ശൂർ
(C) പത്തനംതിട്ട
(D) കോട്ടയം

10. ISRO യുടെ ഇപ്പോഴത്തെ ചെയർമാൻ :

(A) എസ്. സോമനാഥ്
(B) കെ. ശിവൻ
(C) കെ. രാധാകൃഷ്ണൻ
(D) ജി. മാധവൻ നായർ

11. വിന്ധ്യാപർവ്വതം മുതൽ ഇന്ത്യൻ ഉപദ്വീപിന്റെ തെക്കേ അറ്റം വരെ വ്യാപിച്ചുകിടക്കുന്ന വിസ്തൃതമായ ഭൂവിഭാഗം :

(A) മാൾവാ പീഠഭൂമി
(B) ഛോട്ടാനാഗ്പൂർ പീഠഭൂമി
(C) ഡക്കാൻ പീഠഭൂമി
(D) പൂർവ്വഘട്ടം

12. താഴെ തന്നിട്ടുള്ളവയിൽ നിന്നും ശരിയായ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തുക :

(i) സൗരോർജ്ജം

(ii) ജൈവവാതകവും സൗരോർജ്ജവും

(iii) കാറ്റിൽ നിന്നുള്ള ഊർജ്ജം

(A) (i)
(B) (i) & (ii)
(C) (i), (ii) & (iii)
(D) ഇവയൊന്നുമല്ല

13. ഇന്ത്യയുമായി കര അതിർത്തി പങ്കുവെയ്ക്കുന്ന അയൽ രാജ്യങ്ങൾ ഏതാണെന്ന് കണ്ടെത്തുക :

(i) ചൈന

(ii) നേപ്പാൾ

(iii) പാക്കിസ്ഥാൻ

(iv) ഭൂട്ടാൻ

(A) (i) & (iv)
(B) (ii) & (iii)
(C) (iv) & (iii)
(D) (i), (ii), (iii) & (iv)

14. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി :

(A) മൗണ്ട് എവറസ്റ്റ്
(B) മൗണ്ട് K2
(C) നന്ദാദേവി
(D) ഇവയൊന്നുമല്ല

15. മണിക്കാരൻ താപോർജ്ജ കേന്ദ്രം സ്ഥിതിചെയ്യുന്ന ഇന്ത്യൻ സംസ്ഥാനം :

(A) കർണ്ണാടകം
(B) കേരളം
(C) ഗുജറാത്ത്
(D) ഹിമാചൽ പ്രദേശ്

16. സിന്ധു, ഗംഗ, ബ്രഹ്മപുത്ര നദികളുടെ എക്കൽ നിക്ഷേപങ്ങൾ മൂലം രൂപപ്പെട്ട ഭൂവിഭാഗം :

(A) ഉത്തരമഹാസമതലം
(B) ഇന്ത്യൻ മരുഭൂമി
(C) തീരസമതലങ്ങൾ
(D) ഡക്കാൻ പീഠഭൂമി

17. ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്നതും വലിപ്പമുള്ളതുമായ സ്റ്റീൽ പ്ലാന്റ് :

(A) ടാറ്റാ അയൺ ആന്റ് സ്റ്റീൽ കമ്പനി
(B) ഇന്ത്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി
(C) വിശ്വേശ്വരയ്യാ അയൺ ആന്റ് സ്റ്റീൽ കമ്പനി
(D) റൂർക്കല സ്റ്റീൽ പ്ലാന്റ്

18. ഇന്ത്യയിലൂടെ കടന്നുപോകുന്ന പ്രധാന അക്ഷാംശരേഖ :

(A) ഉത്തരായനരേഖ ($23\frac{1}{2}^\circ$ N)
(B) ദക്ഷിണായനരേഖ ($23\frac{1}{2}^\circ$ S)
(C) ആർട്ടിക് വൃത്തം ($66\frac{1}{2}^\circ$ N)
(D) അന്റാർട്ടിക് വൃത്തം ($66\frac{1}{2}^\circ$ S)

19. ഇന്ത്യയിലെ ഏറ്റവും ദൈർഘ്യമേറിയ ദേശീയപാത :

(A) NH-1
(B) NH-44
(C) NH-6
(D) NH-8

20. മുംബൈയെയും മാംഗ്ലൂരിനെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പശ്ചിമതീരത്തുകൂടെ കടന്നുപോകുന്ന പ്രധാന റെയിൽവേ ശൃംഖല :

(A) ഉത്തര റെയിൽവേ
(B) ദക്ഷിണ റെയിൽവേ
(C) മെട്രോ റെയിൽവേ
(D) കൊങ്കൺ റെയിൽവേ

21. അയിത്ത നിരോധന നിയമം നിലവിൽ വന്ന വർഷം :

(A) 1951
(B) 1953
(C) 1955
(D) 1957

22. പൗരന്മാരെ നിയമവിരുദ്ധമായി തടങ്കലിൽ വെയ്ക്കുന്നതിന് എതിരായി സുപ്രീം കോടതിയും ഹൈക്കോടതികളും പുറപ്പെടുവിയ്ക്കുന്ന ഉത്തരവ് :

(A) ഹേബിയസ് കോർപ്പസ്
(B) പ്രൊഹിബിഷൻ
(C) സെർഷ്യോററി
(D) മാൻഡമസ്

23. ഇന്ത്യൻ ഭരണഘടന എത്രതരം മൗലികാവകാശങ്ങളാണ് ഉറപ്പ് നല്കുന്നത്?

(A) 9
(B) 8
(C) 7
(D) 6

24. മൗലിക ചുമതലകൾ ഭരണഘടനയിൽ കൂട്ടിച്ചേർത്തത് ഏത് ഭരണഘടനാഭേദഗതിയിലൂടെ ആണ്?

(A) 40-ാം ഭേദഗതി
(B) 42-ാം ഭേദഗതി
(C) 44-ാം ഭേദഗതി
(D) 46-ാം ഭേദഗതി

25. ഇന്ത്യയുടെ ദേശീയ പതാകയായ ത്രിവർണ്ണ പതാക ഭരണഘടനാ നിർമ്മാണ സമിതി അംഗീകരിച്ചത് എന്ന്?

(A) 1946 ഡിസംബർ 6
(B) 1947 ജൂലൈ 22
(C) 1949 നവംബർ 26
(D) 1950 ജനുവരി 26

26. ഇന്ത്യയുടെ ദേശീയ നദി ഏതാണ്?

(A) ഗംഗ
(B) യമുന
(C) കാവേരി
(D) ബ്രഹ്മപുത്ര

27. ഇന്ത്യയുടെ ദേശീയഗീതം രചിച്ചത് ആര്?

(A) ജവഹർലാൽ നെഹ്റു
(B) രവീന്ദ്രനാഥ ടാഗോർ
(C) ബങ്കിം ചന്ദ്ര ചാറ്റർജി
(D) കബീർദാസ്

28. ഇന്ത്യയുടെ ദേശീയഗാനം ആലപിയ്ക്കാൻ എടുക്കേണ്ട സമയം എത്ര?

(A) 50 സെക്കന്റ്
(B) 52 സെക്കന്റ്
(C) 54 സെക്കന്റ്
(D) 56 സെക്കന്റ്

29. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പ്രഥമ ചെയർമാൻ ആരായിരുന്നു?

(A) ടി.എൻ. ശേഷൻ
(B) സുകുമാർ സെൻ
(C) ജസ്റ്റിസ് രംഗനാഥമിശ്ര
(D) ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ

30. 1990 ൽ വിവരാവകാശത്തിന് വേണ്ടിയുള്ള പ്രസ്ഥാനം ആരംഭിച്ച സംഘടന :

(A) ചിപ്കോ പ്രസ്ഥാനം
(B) ഭാരതീയ കിസാൻ യൂണിയൻ
(C) നർമ്മദാ ബച്ചാവോ ആന്ദോളൻ
(D) മസ്ദൂർ കിസാൻ ശക്തി സംഘതൻ

31. ചേരുംപടി ചേർത്ത് ശരിയായ ഉത്തരം എഴുതുക :

| | | | |
|---|---|---|---|
| 1. | ബ്രഹ്മസമാജം | i | ദയാനന്ദസരസ്വതി |
| 2. | ആര്യസമാജം | ii | ആത്മാറാം പാണ്ഡു രംഗെ |
| 3. | പ്രാർത്ഥനാസമാജം | iii | കേശവ് ചന്ദ്ര സെൻ |
| 4. | ബ്രഹ്മസമാജം ഓഫ് ഇന്ത്യ | iv | രാജാറാം മോഹൻ റോയ് |

(A) 1-iv, 2-i, 3-ii, 4-iii
(B) 1-ii, 2-iv, 3-i, 4-iii
(C) 1-i, 2-iii, 3-iv, 4-ii
(D) 1-iii, 2-i, 3-ii, 4-iv

32. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജന സമരമായിരുന്നു :

(A) ബർദോളി സത്യാഗ്രഹം
(B) ഉപ്പു സത്യാഗ്രഹം
(C) നിസ്സഹകരണ സമരം
(D) ക്വിറ്റ് ഇന്ത്യാ സമരം

33. സന്താൾ കലാപം നടന്ന വർഷം :

(A) 1854-1855
(B) 1855-1856
(C) 1856-1857
(D) 1857-1858

34. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നഴ്സറി എന്നറിയപ്പെടുന്ന പ്രദേശം :

(A) ഡൽഹി
(B) മദ്രാസ്
(C) ബംഗാൾ
(D) ബോംബെ

35. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റ് സ്ഥാനം അലങ്കരിച്ച ഏക മലയാളി ആരായിരുന്നു?

(A) കെ. കേളപ്പൻ
(B) സി. ശങ്കരൻ നായർ
(C) കെ.പി. കേശവ മേനോൻ
(D) പട്ടം താണുപിള്ള

36. ഒന്നാം സ്വാതന്ത്ര്യസമരം ആരംഭിച്ചത് എന്ന്?

(A) 1857 ഫെബ്രുവരി 10
(B) 1857 മാർച്ച് 10
(C) 1857 ഏപ്രിൽ 10
(D) 1857 മെയ് 10

37. ക്വിറ്റ് ഇന്ത്യാ ദിനം :

(A) ആഗസ്റ്റ് 5 1942
(B) ആഗസ്റ്റ് 6 1942
(C) ആഗസ്റ്റ് 8 1942
(D) ആഗസ്റ്റ് 9 1942

38. അതിർത്തി ഗാന്ധി എന്നറിയപ്പെടുന്നത് ആര്?

(A) ഖാൻ അബ്ദുൾ ഖാഫർ ഖാൻ
(B) മൗലാനാ അബുൾ കലാം ആസാദ്
(C) മുഹമ്മദാലി ജിന്ന
(D) മുഹമ്മദ് അബ്ദു റഹിമാൻ

39. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഗോവ പോർട്ടുഗീസുകാരിൽ നിന്ന് വീണ്ടെടുക്കുന്നതിനായി ഇന്ത്യ നടത്തിയ സൈനീകമുന്നേറ്റം അറിയപ്പെടുന്നത് :

(A) ഓപ്പറേഷൻ ബ്ലൂസ്റ്റാർ
(B) ഓപ്പറേഷൻ വിജയ്
(C) ഓപ്പറേഷൻ ഗംഗ
(D) ഓപ്പറേഷൻ ഗോവ

40. സംസ്ഥാന പുന:സംഘടനാ കമ്മീഷന്റെ ചെയർമാൻ :

(A) ഫസ്സൽ അലി
(B) സർദാർ വല്ലഭായ് പട്ടേൽ
(C) ഡോ. രാജേന്ദ്ര പ്രസാദ്
(D) ജവഹർലാൽ നെഹ്റു

41. കേരളത്തിന്റെ ഹരിത ശ്വാസകോശം എന്നറിയപ്പെടുന്ന പക്ഷി സങ്കേതം :

(A) മംഗളവനം
(B) ആറളം വന്യജീവി സങ്കേതം
(C) ചിന്നാർ വന്യജീവി സങ്കേതം
(D) കുറിഞ്ഞിമല വന്യജീവി സങ്കേതം

42. സിംഹവാലൻ കുരങ്ങുകളുടെ ആവാസവ്യവസ്ഥയായി നിലനിർത്തുന്നത് :

(A) ദേവികുളം ദേശീയോദ്യാനം
(B) പെരിയാർ വന്യജീവി സങ്കേതം
(C) സൈലന്റ്‌വാലി ദേശീയോദ്യാനം
(D) മതികെട്ടാൻ മല

43. കേരളത്തിലെ ഏക ശുദ്ധജല തടാകം :

(A) വേമ്പനാട്ടു കായൽ
(B) ശാസ്താംകോട്ട കായൽ
(C) അഷ്ടമുടി കായൽ
(D) പെരിയാർ

44. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി :

(A) മലമ്പുഴ
(B) പെരിങ്ങൽക്കുത്ത്
(C) പള്ളിവാസൽ
(D) ഇടുക്കി

45. മത്സ്യബന്ധനം ഏറ്റവും കൂടുതലുള്ള ജില്ല :

(A) എറണാകുളം
(B) തൃശ്ശൂർ
(C) കോഴിക്കോട്
(D) ആലപ്പുഴ

46. കേരളത്തിലെ ഏക ചന്ദന നിർമ്മാണ ഡിവിഷൻ :

(A) തേക്കടി
(B) മൂന്നാർ
(C) മറയൂർ
(D) നിലമ്പൂർ

47. കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടണങ്ങൾ ഉള്ള ജില്ല ഏതാണ്?

(A) പാലക്കാട്
(B) തിരുവനന്തപുരം
(C) എറണാകുളം
(D) തൃശ്ശൂർ

48. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി :

(A) ഭാരതപ്പുഴ
(B) പെരിയാർ
(C) പമ്പ
(D) കബനി

49. കേരളത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല ഏത്?

(A) കോഴിക്കോട്
(B) മലപ്പുറം
(C) എറണാകുളം
(D) കോട്ടയം

50. സംസ്ഥാനത്ത് 8 നും 18 നും ഇടയിലുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നല്കാൻ കേരളസർക്കാർ നടപ്പിലാക്കിയ പദ്ധതി ഏതാണ്?

(A) സ്പ്രിന്റ്
(B) ഹൂപ്പ്
(C) കിക്ക് ഓഫ്
(D) സ്പ്ലാഷ്

51. തിരുവിതാംകൂർ മുസ്ലീം മഹാജനസഭയുടെ സ്ഥാപകൻ ആരാണ്?

(A) വക്കം അബ്ദുൾ ഖാദർ മൗലവി
(B) അലി മുസലിയാർ
(C) മുഹമ്മദ് അബ്ദു റഹിമാൻ
(D) ഖാൻ അബ്ദുൾ ഖാഫർ ഖാൻ

52. താഴെപ്പറയുന്നവയിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ടായ മുന്നേറ്റങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?

(A) കയ്യൂർ ലഹള
(B) മലബാർ കലാപം
(C) ഉപ്പു സത്യാഗ്രഹം
(D) വേലുത്തമ്പി കലാപം

53. ''ആദിഭാഷ'' എന്ന ഗ്രന്ഥം എഴുതിയത് :

(A) ശ്രീനാരായണ ഗുരു
(B) അയ്യങ്കാളി
(C) ചട്ടമ്പി സ്വാമികൾ
(D) സഹോദരൻ അയ്യപ്പൻ

54. പൂക്കോട്ടൂർ സംഭവം ഏതു സമരവുമായി ബന്ധപ്പെട്ടതാണ്?

(A) വൈക്കം സത്യാഗ്രഹം
(B) മലബാർ കലാപം
(C) പുന്നപ്ര വയലാർ സമരം
(D) ചാന്നാർ ലഹള

55. താഴെപ്പറയുന്നവയിൽ ഗ്രൂപ്പിൽപ്പെടാത്തത് ഏത്?

(A) ദൈവദശകം
(B) ദർശനമാല
(C) ശിവശതകം
(D) നിജാനന്ദവിലാസം

56. കേരളത്തിൽ ഉപ്പു സത്യാഗ്രഹത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രം ഏതായിരുന്നു?

(A) പയ്യന്നൂർ (B) തളിപ്പറമ്പ്
(C) വടകര (D) കൊയിലാണ്ടി

57. ഇലക്ട്രിസിറ്റി പ്രക്ഷോഭം നടന്നതെവിടെ?

(A) തിരുവനന്തപുരം 1936 (B) തൃശ്ശൂർ 1936
(C) എറണാകുളം 1936 (D) ആലപ്പുഴ 1936

58. സാധുജന പരിപാലനയോഗം സ്ഥാപിച്ചതാരാണ്?

(A) ശ്രീനാരായണ ഗുരു (B) അയ്യങ്കാളി
(C) കുമാരഗുരു (D) സഹോദരൻ അയ്യപ്പൻ

59. കേരളലിങ്കൺ എന്നറിയപ്പെടുന്ന സാമൂഹ്യപരിഷ്ക്കർത്താവ് :

(A) വൈകുണ്ഠസ്വാമികൾ (B) ചട്ടമ്പിസ്വാമികൾ
(C) വി.ടി. ഭട്ടതിരിപ്പാട് (D) പണ്ഡിറ്റ് കുറുപ്പൻ

60. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് നടന്ന ഒരു പ്രധാന സംഭവമാണ് :

(A) വിമോചന സമരം (B) സത്യാഗ്രഹം
(C) പന്തിഭോജനം (D) സവർണ്ണജാഥ

61. താഴെ തന്നിരിക്കുന്നവയിൽ ഏതാണ് മനുഷ്യനിലെ പ്രധാന വിസർജ്ജന അവയവം?

(A) വൃക്കകൾ (B) ത്വക്ക്
(C) കരൾ (D) ശ്വാസകോശം

62. ശ്വസന പ്രവർത്തനങ്ങളിൽ നിശ്വാസസമയത്ത് നടക്കുന്ന പ്രക്രിയകളിൽ ശരി ഏതെന്ന് കണ്ടെത്തുക :

1. ശ്വാസകോശങ്ങളിൽ നിന്ന് വായു പുറംതള്ളപ്പെടുന്നു
2. ഔരസാശയത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നു
3. ഔരസാശയത്തിലെ വായുമർദ്ദം കൂടുന്നു
4. ഔരസാശയത്തിലെ വായുമർദ്ദം കുറയുന്നു

(A) 1, 2 എന്നിവ മാത്രം (B) 2, 3 എന്നിവ മാത്രം
(C) 1, 3 എന്നിവ മാത്രം (D) 1, 4 എന്നിവ മാത്രം

63. ഏത് ജീവകത്തിന്റെ അപര്യാപ്തതയാണ് 'റിക്കറ്റ്സ്' എന്ന രോഗത്തിന് കാരണം?

(A) ജീവകം എ (B) ജീവകം സി
(C) ജീവകം ബി (D) ജീവകം ഡി

64. ചുവടെ തന്നിരിക്കുന്നവയിൽ ഏതാണ് വൈറസ് കാരണം ഉണ്ടാകുന്ന രോഗങ്ങൾ :

(A) ക്ഷയം, നിപ
(B) നിപ, എയ്ഡ്സ്
(C) എയ്ഡ്സ്, മലേറിയ
(D) ക്ഷയം, എയ്ഡ്സ്

65. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി അവയെ ജനസൗഹൃദമാക്കുന്ന നവകേരള ദൗത്യത്തിന്റെ ഭാഗമായ പദ്ധതി ഏത്?

(A) കാരുണ്യ
(B) ആർദ്രം
(C) താലോലം
(D) ഇവയൊന്നുമല്ല

66. ചുവടെ ചേർത്തിരിക്കുന്ന വാതകങ്ങളിൽ ഹരിതഗൃഹവാതകം അല്ലാത്തത് ഏത്?

(A) കാർബൺ ഡൈ ഓക്സൈഡ്
(B) നൈട്രജൻ
(C) മീഥേൻ
(D) ക്ലോറോ ഫ്ലൂറോ കാർബൺ

67. വനനശീകരണത്തിന് കാരണമാകാത്തത് ഏത്?

(A) റോഡുകളുടെ നിർമ്മാണം
(B) ഇന്ധനത്തിന്റെ വർദ്ധിച്ച ആവശ്യകത
(C) വ്യാവസായിക വളർച്ച
(D) സസ്യപരിപാലനം

68. ചുവടെയുള്ളവയിൽ വനത്തിൽ നിന്നും ലഭിക്കാത്ത ഉത്പന്നം ഏത്?

(A) പശ
(B) പ്ലൈവുഡ്
(C) പെട്രോൾ
(D) മെഴുക്

69. കേരളത്തിലെ മണ്ണുത്തിയിൽ വികസിപ്പിച്ചെടുത്ത മികച്ച പാവൽ വിത്തിനം ഏത്?

(A) പവിത്ര
(B) പ്രിയങ്ക
(C) അർക്ക
(D) മുക്തി

70. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR) എവിടെ സ്ഥിതിചെയ്യുന്നു?

(A) കോഴിക്കോട്
(B) കാസർഗോഡ്
(C) കോട്ടയം
(D) ഇടുക്കി

71. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തുക :

1. ഒരാറ്റത്തിലെ നെഗറ്റീവ് ചാർജ്ജുള്ള കണമാണ് ഇലക്ട്രോൺ
2. ഒരാറ്റത്തിലെ ന്യൂക്ലിയോണുകളുടെ എണ്ണമാണ് അതിന്റെ മാസ് നമ്പർ
3. ആറ്റത്തിന്റെ ന്യൂക്ലിയസ് കണ്ടെത്തിയത് റൂഥർ ഫോർഡ് ആണ്
4. ഒരേ ആറ്റോമിക നമ്പറും വ്യത്യസ്ത മാസ് നമ്പറും ഉള്ള ഒരേ മൂലകത്തിന്റെ വ്യത്യസ്ത ആറ്റങ്ങളാണ് ഐസോബാറുകൾ

(A) 1, 2 എന്നിവ
(B) 2, 4 എന്നിവ
(C) 2, 3 എന്നിവ
(D) 4 മാത്രം

72. സിങ്ക് ബ്ലെൻഡിന്റെ സാന്ദ്രണത്തിന് ഉപയോഗിക്കുന്ന മാർഗ്ഗം :

(A) കാന്തിക വിഭജനം
(B) ജലപ്രവാഹത്തിൽ കഴുകൽ
(C) പ്ലവന പ്രക്രിയ
(D) ലീച്ചിങ്

73. കാൽസ്യത്തിന്റെ ( $_{20}Ca$) ബാഹ്യതമ ഷെല്ലിന്റെ നമ്പറെത്ര?

(A) 4
(B) 2
(C) 3
(D) 1

74. ഡ്യൂട്ടീരിയത്തിലുള്ള ന്യൂട്രോണുകളുടെ എണ്ണം :

(A) 0
(B) 1
(C) 2
(D) 3

75. ഭക്ഷണ പദാർത്ഥങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ ചേർക്കുന്ന രാസവസ്തു :

(A) സാക്കറിൻ
(B) സോഡിയം ബെൻസോയേറ്റ്
(C) സോഡിയം ഹൈഡ്രോക്സൈഡ്
(D) സോഡിയം കാർബണേറ്റ്

76. ചലിച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തുവിന്റെ പ്രവേഗം ഇരട്ടിയായി വർദ്ധിപ്പിച്ചാൽ അതിന്റെ ഗതികോർജ്ജത്തിന് എന്ത് മാറ്റം സംഭവിക്കും?

(A) രണ്ടിരട്ടിയാകും
(B) നാലിരട്ടിയാകും
(C) ഗതികോർജ്ജം പൂജ്യം ആകും
(D) മാറ്റമൊന്നും സംഭവിക്കില്ല

77. ഒരു വസ്തുവിൽ ഭൂമി പ്രയോഗിക്കുന്ന ആകർഷണ ബലം ആണ് :

(A) സാന്ദ്രത
(B) പിണ്ഡം
(C) ഭാരം
(D) ഇവയൊന്നുമല്ല

78. സോളാർ എനർജ്ജിയെ ഇലക്ട്രിക്കൽ എനർജ്ജിയായി മാറ്റി പ്രവർത്തിക്കുന്ന ഉപകരണം :

(A) സോളാർ വാട്ടർ ഹീറ്റർ
(B) മൈക്രോഫോൺ
(C) ഇലക്ട്രിക് ജനറേറ്റർ
(D) ഡൈനാമോ

79. താഴെ കൊടുത്തിരിക്കുന്നവയിൽ തരംഗദൈർഘ്യം കൂടിയത് ഏത് നിറത്തിനാണ്?

(A) ഓറഞ്ച്
(B) നീല
(C) പച്ച
(D) വയലറ്റ്

80. ഊഷ്മാവ് അളക്കുന്ന ഒരു യൂണിറ്റ് ആണ് :

(A) ജൂൾ
(B) കെൽവിൻ
(C) വാട്ട്
(D) ഡൈൻ

81. കൂട്ടത്തിൽ പെടാത്ത സംഖ്യ ഏത്?

(A) 36 (B) 100
(C) 125 (D) 9

82. 13.01 + 14.032 – 10.43 =

(A) 16.612 (B) 16.606
(C) 15.066 (D) 16.660

83. ദൂരം : കിലോമീറ്റർ : : കോൺ :

(A) ചാപം (B) ഡിഗ്രി
(C) ത്രികോണം (D) പ്രൊട്രാക്ടർ

84. അടുത്ത സംഖ്യ ഏതെന്നു കണ്ടുപിടിക്കുക :

7, 11, 19, 31, 47, ———

(A) 57 (B) 78
(C) 59 (D) 67

85. ഒരു മാസത്തിലെ 3-ാം തീയ്യതി വെള്ളിയാഴ്ച ആണെങ്കിൽ ആ മാസത്തിലെ 21-ാം തീയ്യതിക്ക് ശേഷമുള്ള 4-ാം ദിവസം ഏതാണ്?

(A) ശനി (B) ബുധൻ
(C) വെള്ളി (D) തിങ്കൾ

86. സരളയുടെ റാങ്ക് മുകളിൽ നിന്ന് 9 ഉം താഴെ നിന്ന് 38 ഉം ആണെങ്കിൽ ക്ലാസ്സിൽ ആകെ എത്ര കുട്ടികൾ ഉണ്ട്?

(A) 45 (B) 46
(C) 47 (D) 44

87. രണ്ടു സംഖ്യകളുടെ ല.സാ.ഗു. 7700 ഉം ഉ.സാ.ഘ. 11 ഉം ആണ്. അതിൽ ഒരു സംഖ്യ 275 ആണെങ്കിൽ മറ്റേ സംഖ്യ ഏത്?

(A) 279 (B) 283
(C) 308 (D) 318

88. $44\frac{1}{3}+10\frac{1}{3}-8\frac{1}{3}=$

(A) $46\frac{1}{3}$ (B) $43\frac{1}{3}$
(C) $32\frac{1}{3}$ (D) $38\frac{1}{3}$

89. വാർഷിക പരീക്ഷയിൽ അമ്മുവിന് കണക്ക്, സയൻസ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് കിട്ടിയ മാർക്കുകൾ യഥാക്രമം 32, 45, 50, 28, 40 എന്നിവയാണ്. എങ്കിൽ അമ്മുവിന് കിട്ടിയ ശരാശരി മാർക്കെത്ര?

(A) 77 (B) 68
(C) 39 (D) 40

90. 15625 എന്ന സംഖ്യയുടെ വർഗ്ഗമൂലം കാണുക :

(A) 125 (B) 225
(C) 75 (D) 155

**91.** 240 മീറ്റർ നീളമുള്ള ഒരു ട്രെയിൻ ഒരു പോസ്റ്റ് കടന്നുപോകുന്നതിന് വേണ്ട സമയം 24 സെക്കന്റ് ആണ് എങ്കിൽ 750 മീറ്റർ നീളമുള്ള പ്ലാറ്റ്ഫോം കടന്നു പോകുന്നതിന് എത്ര സമയം വേണം?

(A) 96 സെക്കന്റ്  (B) 89 സെക്കന്റ്
(C) 76 സെക്കന്റ്  (D) 99 സെക്കന്റ്

**92.** ഫോട്ടോയിലെ പുരുഷനെ ചൂണ്ടിക്കൊണ്ട് ഒരു സ്ത്രീ പറഞ്ഞു "അയാളുടെ സഹോദരന്റെ അച്ഛൻ എന്റെ മുത്തശ്ശന്റെ ഒരേ ഒരു മകനാണ്". ഫോട്ടോയിലെ പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധം എന്ത്?

(A) പുത്രൻ  (B) പുത്രി
(C) സഹോദരൻ  (D) അച്ഛൻ

**93.** "SAD = 814", "CAT = 317", "EAR = 519" ആയാൽ "DEAR" നെ സൂചിപ്പിക്കുന്ന സംഖ്യ ഏത്?

(A) 8147  (B) 4519
(C) 4187  (D) 5419

**94.** 500 രൂപ വിലയുള്ള കസേര 10% ഡിസ്കൗണ്ട് അനുവദിച്ചു വിറ്റാൽ നഷ്ടം എത്ര?

(A) 15 രൂപ  (B) 40 രൂപ
(C) 50 രൂപ  (D) 60 രൂപ

**95.** $3^3 \times 2 - 4 + 14 =$

(A) 60  (B) 46
(C) 28  (D) 64

**96.** റാണിയുടെ വയസ്സിനേക്കാൾ 10 കൂടുതലാണ് രവിയുടെ വയസ്സ്. രവിയുടെ വയസ്സിനേക്കാൾ 8 കുറവാണ് സുമയുടെ വയസ്സ്. സുമയുടെ വയസ്സ് 64 ആണെങ്കിൽ റാണിയുടെ വയസ്സ് എത്ര?

(A) 82  (B) 66
(C) 56  (D) 62

**97.** ഒറ്റയാനെ കണ്ടെത്തുക :

(A) 100  (B) $10^2$
(C) $4^2 + 3^2$  (D) $6^2 + 8^2$

**98.** "\$ = ×"; "@ = –"; "# = +"; "% = ÷" ആയാൽ 23 \$ 25 % 5 # 10 @ 3 =

(A) 122  (B) 124
(C) 114  (D) 285

**99.** $19x^3 = 216$ ആയാൽ $x$ എത്ര?

(A) 4  (B) 5
(C) 6  (D) 8

**100.** 27 : 3 : : 1000 :

(A) 10  (B) 5
(C) 100  (D) 90

SPACE FOR ROUGH WORK

SPACE FOR ROUGH WORK

**FINAL ANSWER KEY**

**Question Paper Code: 060/2022**

**COMMON PRELIMINARY EXAMINATION 2022 (SSLC LEVEL) STAGE.II - VARIOUS**

**Medium of Question: MALAYALAM/TAMIL/KANNADA**

**Date of Test: 28.05.2022**

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | C | B | A | C |
| 2 | D | B | A | D |
| 3 | B | A | C | C |
| 4 | B | A | D | A |
| 5 | A | C | C | C |
| 6 | A | D | A | D |
| 7 | C | C | C | B |
| 8 | D | A | D | B |
| 9 | C | C | B | A |
| 10 | A | D | B | A |
| 11 | C | D | D | A |
| 12 | C | A | A | A |
| 13 | D | D | A | B |
| 14 | A | A | A | D |
| 15 | D | A | B | C |
| 16 | A | A | D | C |
| 17 | A | B | C | D |
| 18 | A | D | C | A |
| 19 | B | C | D | D |
| 20 | D | C | A | A |
| 21 | C | D | B | C |
| 22 | A | B | A | B |
| 23 | D | B | C | C |
| 24 | B | A | B | D |
| 25 | B | C | C | C |
| 26 | A | B | D | A |
| 27 | C | C | C | D |
| 28 | B | D | A | B |
| 29 | C | C | D | B |
| 30 | D | A | B | A |
| 31 | A | D | A | C |
| 32 | D | D | C | C |
| 33 | B | A | B | B |
| 34 | C | B | D | B |
| 35 | B | A | D | D |
| 36 | D | A | C | A |
| 37 | D | C | C | D |
| 38 | A | B | B | C |
| 39 | B | D | B | B |
| 40 | A | D | D | D |
| 41 | A | C | A | A |
| 42 | C | C | D | B |
| 43 | B | B | C | B |
| 44 | D | B | B | D |
| 45 | D | D | D | D |
| 46 | C | A | A | A |
| 47 | C | D | B | D |
| 48 | B | C | B | B |
| 49 | B | B | D | C |
| 50 | D | D | D | B |
| 51 | A | A | A | D |
| 52 | D | B | D | D |
| 53 | C | B | B | A |
| 54 | B | D | C | B |
| 55 | D | D | B | A |
| 56 | A | A | D | A |
| 57 | B | D | D | C |
| 58 | B | B | A | B |
| 59 | D | C | B | D |
| 60 | D | B | A | D |
| 61 | A | D | B | C |
| 62 | C | B | B | D |
| 63 | D | B | A | B |
| 64 | B | A | C | B |
| 65 | B | C | D | A |
| 66 | B | C | B | D |
| 67 | D | B | A | C |
| 68 | C | A | B | B |
| 69 | B | B | D | A |
| 70 | A | D | C | B |
| 71 | D | A | B | C |
| 72 | C | B | B | A |
| 73 | A | B | D | B |
| 74 | B | D | C | B |
| 75 | B | C | A | D |
| 76 | B | X | A | C |
| 77 | C | A | B | X |
| 78 | X | B | B | A |
| 79 | A | B | C | B |
| 80 | B | C | X | B |
| 81 | C | B | D | D |
| 82 | A | C | C | C |
| 83 | B | A | B | A |
| 84 | D | C | C | X |
| 85 | A | A | D | A |
| 86 | B | D | D | C |
| 87 | C | C | C | A |
| 88 | A | B | A | B |
| 89 | C | C | X | D |
| 90 | A | D | A | A |
| 91 | D | D | C | B |
| 92 | C | C | A | C |
| 93 | B | A | B | A |
| 94 | C | X | D | C |
| 95 | D | A | A | A |
| 96 | D | C | B | D |
| 97 | C | A | C | C |
| 98 | A | B | A | B |
| 99 | X | D | C | C |
| 100 | A | A | A | D |

**'X' DENOTES DELETION**